പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1452 **16-10-2026-ൽ മറുപടിയ്ക്ക്**

കാർഷിക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള നഷ്ടപരിഹാര തുക വിതരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സിറിയക് തോമസ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള നഷ്ടപരിഹാര തുക വിതരണം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: സംസ്ഥാനത്താകെ കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള നഷ്ടപരിഹാര തുകയിനത്തിൽ 326.74 കോടി രൂപ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ പ്രൊപ്പോസലുകളിൽ ആകെ 273,46,75,152/- രൂപ (ഇരുന്നൂറ്റി എഴുപത്തിമൂന്ന് കോടി നാൽപ്പത്തിയാറ് ലക്ഷത്തി എഴുപത്തയ്യായിരത്തി ഒരുന്നൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) ഇനിയും അനുവദിക്കുവാനുണ്ട്. ഇതിൽ 66,04,46,352/- രൂപ ഇടുക്കി ജില്ലയിൽ അനുവദിക്കേണ്ട തുകയാണ്.

കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് നൽകിയ അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ മുഴുവൻ പ്രൊപ്പോസലുകളിലും തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെയും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കടാശ്വാസ കമ്മീഷൻ ഇടുക്കി ജില്ലയിൽ സിറ്റിങ് നടത്തി അവാർഡ് പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്താത്തത് മൂലം തുക വിതരണം ചെയ്യാനാകാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; എത്ര തുക കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ളത് കുടിശ്ശികയായി അവശേഷിക്കുന്നു എന്ന് അറിയിക്കാമോ;

മറുപടി: '(എ)' പിരിവിലെ മറുപടി കണ്ടാലും.

(സി) കർഷകരുടെ ആശ്വാസത്തിനായി പ്രസ്തുത കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കാമോ?

മറുപടി: '(എ)' പിരിവിലെ മറുപടി കണ്ടാലും.

സെക്ഷൻ ഓഫീസർ